DEMAND V—TRAVANCORE UNIVERSITY.

MR. C. V. CHANDRASEKHARAN (*Pro-Vice Chancellor*): I beg to move that under Demand V—Travancore University, Government may be granted a sum of Rs. 7,75,000.

Motions Nos. 216B to 218.

The following motions were not moved ;—

No. 216B To reduce the allotment of Rs. 9,000 for travelling allowance to members of the University Authorities and other Bodies (Syndicate, etc.) by Re. 1

,, 217. To reduce the allotment of Rs. 8,360 for salaries by Re. 1

,, 218. To reduce the allotment of Rs. 630 for travelling allowance by Rs. 630

Motion No. 219

MR. K. NARAYANAPERUMAL NADAR : Sir, I move that the allotment of Rs. 40,390 for lump Provision be reduced by Re. 1 to speak of Cold Storage.

MR. C. V. CHANDRASEKHARAN : Detailed discussion of the University Budget was done by the Senate and a copy of the Budget is placed before the House. When we are asking for a grant to the University, details are not likely to be placed before the House. I rise to a point of order to be upheld by you that it would be convenient to have token cut motions on the total grant and not on a particular head of the University Budget.

PRESIDENT : Yes, we will go into the details almost immediately when we come to the total grant. I will allow Mr. Narayanaperumal Nadar to speak then.

MR. P. SIVARAMA PILLAI : Are we to understand that we have no right to criticise the University Budget ?

PRESIDENT : The details of the University budget cannot be discussed here because this Government hands over a certain lump sum to the University and the details and the policy of the University are in the hands of that body. But it is open to the members to criticise, the grant itself as the Pro-Vice Chancellor has pointed out.

The following motions were not moved :—

Motions Nos. 220 to 227.

No. 220. To reduce the total allotment of Rs. 7,75,000 under Demand V by Rs. 10

,, 221. To reduce the total allotment of Rs. 7,75,000 under Demand V by Rs. 100

,, 222. To reduce the total allotment of Rs. 7,75,000 under Demand V by Rs. 100

LIBRARY ARCHIVES Kerala Legislative Assembly

No. 223. To reduce the total allotment of Rs. 7,75,000 under Demand V by Re. 1

,, 224. To reduce the total allotment of Rs. 7,75,000 under Demand V by Re. 1

,, 225. To reduce the total allotment of Rs. 7,75,000 under Demand V by Re. 5

,, 226. To reduce the total allotment of Rs. 7,75,000 under Demand V by Re. 1

,, 227. To reduce the total allotment of Rs. 7,75,000 under Demand V by Re. 1

Motion No. 228.

MR. P. S. MUHAMED : സർ, യൂണിവേഴ്സിറ്റിക്ക് ഉൾപ്പെട്ടത്തിയിരിക്കുന്ന ൭,൫ ൫,൦൦൦ രൂപായിൽ നിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഇതിന്റെ ഉദ്ദേശം യൂണിവേഴ്സിറ്റിയിൽ ഒരു ഇസ്ലാമിക് ചെയർ അതായതു അറബിക്കോ ഉർഡുവോ പഠിപ്പിക്കുന്നതിനു സ്ഥാപിക്കണമെന്നുള്ളതു ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരിക എന്നുള്ളതാണ്.

MR. KAINIKKARA M. PADMANABHA PILLAI (*Changanacherry* cum *Peermade*) : Sir, I rise to a point of order. Supposing the cut motion is moved and carried, what will the Government then do ?

PRESIDENT : Government will give to the University a grant of Rs. 7,75,000 less Re. 1.

MR. KAINIKKARA M. PADMANABHA PILLAI : Will this token motion be taken either as a recommendation or as a censure ?

PRESIDENT : You may say that this grant is no better than a grant to the S. P. C. A. or to the Y. M. C. A. If you grant to the Y. M. C. A. a sum of rupees, we have no right to say that the sports are badly conducted or any such thing. But next year, when the Y. M. C. A. demands a grant, you can complain that sports were not well conducted and therefore the grant, as a whole should not be given.

The idea here is that as the University has not a Chair for Islamic studies we should not support the grant.

MR. KAINIKKARA M. PADMANABHA PILLAI: My point is how the idea could be worked ?

MR. C. V. CHANDRASEKHARAN: If the motion is carried, Government will address the University on what they should do and the University will accordingly carry out the instructions.

MR. P. S. MUHAMED : സർ, ഇതേതീതിയിൽ ഗവണ്മെൻറ് യൂണിവേഴ്സിറ്റിക്കു കൊടുക്കുന്നതിനായിട്ടുള്ള ഗ്രാൻറിനെ സംബന്ധിച്ചും ഇവിടെ ഏതെങ്കിലും പറയുകയാണെങ്കിൽ അതു പ്രായോഗികമാക്കിക്കൊണ്ടുവരാനുള്ള വിഷമതകളിൽ ചിലതു ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്റെ ഉപക്ഷേപത്തെസംബന്ധിച്ചിട്ട് എന്തെങ്കിലും പറയുന്നതിനു മുമ്പായി ഇതിന്റെ ന്യായത്തെപ്പറ്റി ഒന്നു പറഞ്ഞുകൊള്ളട്ടെ. തിരുവിതാംകൂറിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed]

പല മുനിസിപ്പാലിറ്റികൾക്കും ഗവണ്മെൻറു ഗ്രാൻറു കൊടുക്കുന്നുണ്ട്. എന്നാൽ ആ മുനിസിപ്പാലിറ്റികളിലെ ഭരണം ഏതാണ്ട് അവരുടെ സ്വന്തനിലയിലുള്ള ഭരണമാണ്. അങ്ങനെയുള്ള മുനിസിപ്പാലിറ്റിക ളിലെ ഭരണം നല്ലനിലയിലാക്കിക്കൊണ്ടു വരണമെന്നുള്ളതിനെ സംബ ന്ധിച്ച് ഇതിനുമുമ്പു പല സന്ദർഭങ്ങളിലും ഈ സഭയിൽ തന്നെ പ്രതി പാദിക്കാനിടയായിട്ടുണ്ട്. അതുപോലെയുള്ള ഒരു സംഗതിയാണിതു് എന്നുള്ളതുകൊണ്ടാണ് ഇതു ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതിൽ എനിക്ക് പറയുവാനുള്ളതു് ഇപ്പോൾതന്നെ ചെറിയ ക്ലാസ്സുമുതൽ അ റബ്ബി പഠിപ്പിക്കുന്നതിനുള്ള സൗകര്യം ഗവൺമെൻറിൽ നിന്നും ചെയ്തി ട്ടുണ്ട്. സിക്സ്ത്ഫാറം വരെ പഠിച്ചുവരുന്ന മുസ്ലിം ബാലന്മാർക്കു് കാ ളേജിൽ അറബി പഠനം ഇല്ലാത്തതുകൊണ്ട് മുമ്പോട്ടുള്ള പഠിത്തത്തിനു അവർ വേറെ സബ്ജെക്ട്സ് എടുത്തു വിഷമിക്കേണ്ടതായിട്ടാണ് വരു ന്നതു്. അങ്ങനെയുള്ള വിഷമങ്ങൾ ധാരാളമുണ്ട്. ഇതിൻെറ പരിഹാ രത്തിനായി എന്തെങ്കിലും ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരണ മെങ്കിൽ അതു യൂണിവേഴ്സിറ്റി സമ്മതിച്ചാലെ നിവൃത്തിയുള്ളൂ. വലിയ സംഖ്യ അറബിപഠനത്തിനായി ഗവർമ്മെൻറു ഹൈസ്കൂൾക്ലാസ്സുകളിൽ ചിലവുചെയ്യുന്നുണ്ട്. ഹൈസ്കൂൾ ക്ലാസ്സു് കഴിഞ്ഞാൽ അറബിപഠന ത്തിനു സൗകര്യംനൽകിയില്ലെങ്കിൽ ഈ ചിലവു പ്രയോജനശൂന്യമാകാ തിരിക്കുകയില്ല. ഈ വിഷയത്തിൽ യൂണിവേഴ്സിറ്റി പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു് ഒരു അറബിക് ചെയറോ അല്ലെങ്കിൽ തത്തുല്യമായ ഏതെ ങ്കിലും ചെയറോ സ്ഥാപിച്ചു് മുസ്ലിങ്ങളുടെ വിദ്യാഭ്യാസത്തെ പ്രയോജന പ്പെടുത്തത്തക്കനിലയിൽ ആക്കിത്തീർക്കണമെന്നുള്ള സംഗതി ഗവർമെ ൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു.

MR. C. V. CHANDRASEKHARAN : Sir, representations were repeatedly made even before the University were started that Arabic should be introduced as a second language in the College classes, and repeatedly Government have replied that the number of students is too small to justify the increase in expenditure on that account. Even now there seem to be only five or six Muslim boys who are prepared to take Arabic in the College classes. Quite a number of Muslims prefer to take Malayalam.

MR. P. S. MUHAMED : കാളേജിൻെറ അകത്തു സൗകര്യമില്ലാത്തതു കൊണ്ടു് നാലോ അഞ്ചോ ആളുകൾ വെളിയിൽ പോയി അറബി പഠി ക്കുന്നു എന്നല്ലാതെ കാളേജിനകത്തു സൗകര്യപ്പെടുത്തിയാൽ കൂടുതലാളു കൾ അറബി പഠിക്കാൻ ഉണ്ടാകും എന്നുള്ളതു അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. V. CHANDRASEKHARAN : I do not deny that it will be a convenience to the Muslim students. But the new University cannot indulge in frills and delicacies of this kind. After the University was started we have repeatedly told the representatives of Muslims that if they would give some gesture of help, if they would show some recognition of the fact that they should cooperate in the task of creating the Chair, the University and Government will be prepared to meet them more than half way. Recently there was a public meeting of the Muslims over which I presided. The Educational Committee of the All India Muslim Conference were present at the meeting and the members of this Committee made an appeal to the Muslims of the state to give generous subscriptions and donations to the University. The meeting passed a resolution requesting Government to levy a cess on the Muslim population of the State for the purpose of an Arabic Chair. The resolution was passed and forwarded to Government and they have also constituted a committee with Khan Bahadur Abdul Karim Sahib as the Chairman for the purpose of collecting funds, and I am hopeful that their work will be successful. If they make a substantial endowment, not only a lecturer for teaching Arabic to the Intermediate and B. A, classes but a Chair for the advance of Islamic studies generally can be provided. But some gesture on the part of the Muslim population is necessary. Some people wanted Syriac and they offered to give an endowment for the purpose. Some gesture of practical support for the scheme is necessary and the University will then view the proposal with the fullest sympathy.

MR. P, S. MUHAMED : ഇരുപത്തയ്യായിരം രൂപ ഞങ്ങൾ തൽക്കാലം തരികയും ബാക്കി ഇരുപത്തയ്യായിരം രൂപാ കൂടെ ദിവസംകൊണ്ട് തരികയും ചെയ്താൽ എന്തെങ്കിലും പ്രവർത്തിക്കാമോ ?

MR. C. V. CHANDRASEKHARAN : I have said that University will meet the Muslims more than half way.

MR. P. SIVARAMA PILLAI : May I know what will be the approximate expenditure for the purpose ?

MR. C. V. CHANDRASEKHARAN : Details have not been worked out. If Mr. Muhamed wants only a lecturer, the cost will be only about a hundred rupees per month. But, if facilities for advanced studies in Arabic and Urdu have to be provided, the scheme will be more expensive.

MR. K. P. ABRAHAM (*Muvattupuzha* cum *Devicolam*) : May I know whether the University have Syriac ?

MR. C. V. CHANDRASEKHARAN : The College at Changanacherry has provided Syriac for the Intermediate and B. A. Classes.

MR. P. S. MUHAMED : I withdraw the motion.

The motion was, by leave, withdrawn.

Motion No. 229.

MR. VARKALA K. MADHAVAN (*Chirayinkil* cum *Nedumangad*) : I move that the allotment of Rs. 7,75,000 under Demand V be reduced by Re. 1 to point out the necessity of starting a Medical School in Travancore.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Varkala K. Madhavan]

By the present arrangement, the Madras Government are only able to provide for four Travancore students to be admitted to the Medical College every year. It means that after ten or fifteen years we may feel the shortage of doctors.

PRESIDENT: It is not at all likely, if we judge from the number of qualified men and women we have got. In fact, we are unable to provide for these qualified medical graduates.

MR. VARKALA K. MADHAVAN: Taking into consideration the facilities we have for starting a Medical College in Trivandrum, I think it will be useful to have the course. We have a very well equipped General Hospital and a Maternity hospital. Therefore, I suggest the idea of starting a Medical College.

PRESIDENT: May I know how many men and women are there in the Surgeon General's waiting list?

VAIDYASASTRAKUSALA DR. (MRS.) M. POONEN LUKOSE: A very big number, Sir.

MR. C. V. CHANDRASEKHARAN: I know there are about a hundred M. Es. waiting for employment in the State.

This question was very carefully gone into when a University was started. The matter was considered by myself and Mr. Simpson, the then Surgeon-General. We went into the matter carefully and came to the conclusion that a medical faculty would be premature for the Travancore University. We have started the Engineering faculty. But having regard to the condi ions of the medical profession, we felt it was not at all wise to embark upon a medical faculty in the University for the time being. If conditions improve and if there arises a real and effective demand for doctors we can think of it. But, for some years to come, I do not think it will be possible to start a medical faculty.

MR. VARKALA K. MADHAVAN; I withdraw the motion.

The motion was, by leave, withdrawn.

Motion No. 229 (b).

The following motion was not moved.

No 229 (b) "To reduce the total allotment of Rs. 7,75,000 under Demand V by Re. 1."

[The House rose for lunch at 1 P. M. and re-assembled at 2 P. M.]

NEW MEMBER.

Mr. P. Raman Pillai (*Conservator of Forests*) took the oath and signed the rolls.

Motion No. 229. (c)

MR. KAVIYOOR K. K. KOCHUKUNJU (*Nominated*): സർ, യൂണി വേഴ്സിറ്റിയുടെ ചിലവിലേക്കായി നീക്കിവച്ചിരിക്കുന്ന ൬,൬൫,൦൦൦ രൂപായിൽ നിന്നും ൧ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട ഗവണ്മെൻറിന്റേയും പ്രോവൈസ് ചാൻസിലർ അവർകളുടേയും വിലയേറിയ സഹായത്തെ സബഹുമാനം പ്രതീക്ഷിച്ചുകൊണ്ടും ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

സർ, എന്റെ ഉപക്ഷേപത്തിൽ നിർദ്ദേശിക്കുന്നതു്, വർണ്ണവ സമുദായത്തിൽ നിന്നും യോഗ്യതാനുസരണം യൂണിവേഴ്സിറ്റിയിൽ ക്ലാർക്കന്മാരേയും അറേൻഡർമാരേയും നിയമിക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണു്. എന്നാൽ പ്രസ്തുത ഡിപ്പാർട്ടുമെൻറിൽ ഈ നാട്ടിലെ ന്യൂനപക്ഷക്കാരും പിന്നോക്കം നിൽക്കുന്നവരും മൈനർമാരും ക്രൈസ്തവരും ആയിട്ടുള്ള എല്ലാ അവശസമുദായങ്ങളുടേയും പ്രാതിനിധ്യക്കുറവിനെക്കുറിച്ചു് സംസാരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ഉദ്യോഗക്കാര്യങ്ങളെക്കുറിച്ചു് സദാ പ്രസംഗിക്കുകയും ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തി സമയനഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നതിൽ എനിക്കു് അതിയായ ലജ്ജയും വ്യസനവും ഇല്ലാതില്ല. പക്ഷേ ഇവിടത്തെ അവശലക്ഷങ്ങൾക്കു് പബ്ലിക് സർവ്വീസ്സിൽ നേരിട്ടിരിക്കുന്ന അളവറ്റ അവശതയേക്കുറിച്ചുള്ള വിചാരപരമ്പരയുടെ ദീർഘനിശ്വാസം മാത്രമാണതെന്നു് ബഹുമാനപ്പെട്ട ഗവണ്മെൻറു് കരുണാപൂർവ്വം മനസ്സിലാക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.

സർ, അവശസമുദായങ്ങളുടെ വിദ്യാഭ്യാസത്തിന്റെ പ്രാരംഭം മാത്രമേ ആയിട്ടൊള്ളൂ. പ്രസ്തുത സമുദായങ്ങളുടെ ഇടയിൽ നിന്നു് ചുരുക്കം ചില താണതരം പരീക്ഷാവിജയം സമ്പാദിച്ചും അപജയം പ്രാപിച്ചും പാഠശാലകൾ ഉപേക്ഷിച്ചു് വെളിയിൽ വരുന്ന പിന്നോക്കസമുദായങ്ങളിലേ ഉദ്യോഗാർത്ഥികളേക്കൊണ്ടു് സമുദായപ്രതിനിധികളായ ഞങ്ങൾക്കും അവരുടെ രക്ഷകർത്താക്കൾക്കും ഇപ്പോഴത്തന്നെ പൊറുതിയില്ലാതെ വന്നിരിക്കുകയാണു്. വിദ്യാഭ്യാസത്തിന്റെ പ്രാരംഭപടിയിൽ മാത്രം എത്തിച്ചേർന്നിരിക്കുന്ന ഇവിടത്തെ അവശസമുദായ ഉദ്യോഗാർത്ഥികൾക്കു് അനുയോജ്യമായ പ്രോത്സാഹനങ്ങൾ നൽകാതെ അവരെ നിരാശയുടെ വശംവദരാക്കുന്ന പക്ഷം ആയതു് പിന്നോക്കസമുദായങ്ങളുടെ വിദ്യാഭ്യാസത്തെ സാരമായിസ്പർശിക്കുമെന്നു മാത്രമല്ലാ അവശസമുദായങ്ങളുടെ വിദ്യാഭ്യാസ വിഷയത്തിൽ സർവ്വപ്രകാരേണയും പ്രോത്സാഹിപ്പിക്കണമെന്നുള്ള സന്നദ്ധമനോഭാവം കാണിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ സദുദ്ദേശം സഫലമാകുന്നതിനും കൂടി അതു വിഘാതമായിത്തീരുന്നുണ്ടു്.

ഇവിടെ പുതിയപുതിയ ഡിപ്പാർട്ടുമെൻറുകൾ ഏർപ്പെടുത്തുമ്പോൾ വിശേഷിച്ചും ഡിപ്പാർട്ടുമെൻറു മേധാവികൾക്കു നേരിട്ടു നിയമനം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kaviyoor K. K. Kochukunju]

നടത്തുന്നതിനും സ്വാതന്ത്ര്യവും ചുമതലയും ഉള്ള വകുപ്പുകൾ സംജാതമാകുമ്പോൾ ഇന്നാട്ടിലെ അവശസമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾ വർഷജലം ആഗ്രഹിക്കുന്ന വേഴാമ്പലുകളെപ്പോലെ വായും പിളർന്നു കാത്തിരിക്കുകയാകുന്നു. പക്ഷേ ചില കൊടുങ്കാറുകൾ അതിനാധാരമായിരിക്കുന്ന മേഘങ്ങളേയെല്ലാം അടിച്ചുപാത്തി ക്രമാതീതമായി തണുത്തിരിക്കുന്നിടത്തുതന്നെ വീണ്ടും വീണ്ടും തണുപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു പതിവാണിവിടെ നടക്കുന്നതെന്നുള്ള വസ്തുത ഹൃദയവേദനയോടുകൂടി വീക്ഷിക്കുവാനേ ഞങ്ങൾക്കു കഴിയുന്നൊള്ളൂ.

പിന്നോക്കസമുദായങ്ങളിൽ നിന്നും യൂണിവേഴ്സിറ്റിയിൽ നിയമനം ലഭിച്ചിട്ടുള്ളവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക ഞാൻ ആവശ്യപ്പെട്ടതിൽ ബഹുമാനപ്പെട്ട പ്രോവൈസ് ചാൻസിലർ അവർകൾ നൽകിയിട്ടുള്ള പട്ടികയിൽ നിന്നും പ്രസ്തുത സമുദായങ്ങൾക്ക് പബ്ലിക്ക് സർവീസ്സിൽ ഇപ്പോൾ ഉള്ള പ്രാതിനിദ്ധ്യക്കുറവ് എത്രകണ്ടു ദയനീയമാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ!

ഞങ്ങൾ ഇവിടത്തെ വലിയവലിയ ഉദ്യോഗങ്ങൾ ഒന്നുമല്ലാ ആവശ്യപ്പെടുന്നതു്. ഞങ്ങളുടെ പൂർവ്വീകന്മാർ ഈ രാജ്യത്തേയും രാജ്യവാസികളേയും ഏതുപ്രകാരം സേവിച്ചുവോ അതേപ്രകാരം നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ അന്തസ്സിനും അഭിമാനത്തിനും അനുയോജ്യമായ വിധം ഒരു പരിഷ്കൃതരീതിയിൽ ഞങ്ങളുടെ സേവനം തുടർന്നുകൊണ്ടു പോകുന്നതിനു ഉചിതമായ ഒരു സാഹചര്യം ഞങ്ങൾക്കു പ്രദാനംചെയ്യണമെന്നു മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. അതു് ഇവിടത്തെ ഉദ്യോഗ ബാഹുല്യങ്ങൾ മുഴുവൻ ശമിച്ചതിനുശേഷം ഞങ്ങളെ അനുഗ്രഹിക്കാമെന്നുവച്ചാൽ ഉപ്പുവെള്ളംകുടിച്ചു് ദാഹം ശമിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരുവനുണ്ടാകാവുന്ന അനുഭവം ഉണ്ടാകുവാനെയിടയുള്ളൂ. ഇവിടത്തെ സകല ഡിപ്പാർട്ടുമെൻറുകളിലുമുള്ള സകല വകുപ്പുകളിലും പിന്നോക്ക സമുദായങ്ങളിൽ ഇപ്പോഴുള്ള സകല ഉദ്യോഗാർത്ഥികളേയും യഥായോഗ്യം പ്രവേശിപ്പിച്ചു് പ്രോത്സാഹിപ്പിച്ചെങ്കിൽ മാത്രമേ പബ്ലിക് സർവ്വീസ്സിൽ അവശസമുദായങ്ങൾക്കു നേരിട്ടിരിക്കുന്ന അതിഭീമമായ സ്തംഭനത്തിനു പരിഹാരമാകയുള്ളൂ എന്ന പരമാർത്ഥം ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ സവിശേഷമായ ശ്രദ്ധയിൽ പതിയണമെന്നു് ഈ ഉപക്ഷേപം കൊണ്ടു് ഞാൻ ആഗ്രഹിക്കുന്നു.

അവശസമുദായങ്ങളുടെ നാനാമുഖമായ അഭ്യുദയത്തിനു് ഉചിതമായ എല്ലാ സഹായങ്ങളും ചെയ്തു പ്രോത്സാഹിപ്പിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

ഴിഞ്ഞ കരുണയെ സബഹുമാനം വീക്ഷിച്ച് ഈ സഭയുടെ വിലയേറിയ സഹായത്തെ പ്രതീക്ഷിച്ചുകൊണ്ടും അവശസമുദായങ്ങളുടെ അല്ലെന്നതിക്ക് നിദാനമായിരിക്കുന്ന ഈ ഉപക്ഷേപം ഈ സഭയുടെ വിലയേറിയ വിചിന്തനത്തിനു ഞാൻ വിധേയമാക്കുന്നു.

MR. K. KUNJU PANICKAR (*Mavelikara cum Kunnatur*): Sir, in support of the principle underlying the motion before the House, I wish to offer a few remarks. In answer to a question put yesterday, though the statements containing the representation of the various communities were placed before the House, Government pointed out that it was done not as a matter of duty on the part of the University but was done as a matter of grace and said that no member of the Assembly can as of right get a castewar representation list from the University. What I beg to point out, is that though the University is a statutory creature of the Government and it exists as an independent body and the Government in theory.....

MR. C. V. CHANDRASEKHARAN: On a point of order. The University was created by Royal Proclamation. I think it is a little inaccurate to speak of it as a creature of Government.

MR. K. KUNJU PANICKAR: Sir, I have included in the word "Government" 'His Highness' also. What I want to point out, is that it has been a longstanding grievance of several communities in the State that they do not get representation in proportion to their population in the public service. Even the principle of proportionate representation of the various communities was not at first approved by the Government and by the communities which were placed in a privileged position. After a longstanding agitation, we know that this House itself had to consider that question and a sort of a communal representation scheme has been approved by the Legislatures, and that scheme is now before the Government pending for their final decision. I submit that even in the matter of the University, since the money which is alloted for the conduct of the University, is given from the public exchequer, the principle which has got the unanimous approval of the Legislatures should be accepted in the matter of appointments. This principle should apply, I think, not only to the appointments in the University but to those in other departments, such as the Transport Department. With regard to the Transport Department also I understand that the Government have not approved the principle of communal representation. In all such cases what I beg to point out is that the principle of communal representation should be approved, so that the people who have not got sufficient influence to get their representatives appointed, may get their proper share as a matter of right. If the backward classes of this land are not given certain privileges as a matter of right by means of special rules, from experience we find that these backward classes will not get such places either in the public service or in the University or any other Departments. So, what I stress is that in the mattter of appointments in the University also, the principle of

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kunju Panickar.

communal representation which has been accepted by the Legislatures in regard to appointments in the public services should be accepted. If that is done, the honourable member Mr. Kochukunju's grievance also will be redressed and there would be a general redress of the grievances of all the backward communities. I do not say that for ever and ever all the communities should be represented in proportion to their respective numbers. As a temporary measure such things should be provided. Unless that is done at least as a temporary measure, the backward classes will suffer very much and there will be the cry of the grievances of the backward classes. With these words I commend the motion for the acceptance of the House.

MR. P. C. ADICHAN (*Nominated*): ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. സർവകലാശാല ബിരുദധാരികളായ ആളുകൾ പിന്നോക്ക സമുദായക്കാരിൽനിന്നും ഇപ്പോൾ അധികം ഇല്ലാത്ത സ്ഥിതിക്കു ചെറിയ പരീക്ഷകൾ പാസായിരിക്കുന്നവർക്കു ഉദ്യോഗങ്ങൾ കൊടുക്കുന്ന കാര്യത്തിൽ പ്രൊവൈസ് ചാൻസലർ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

MR. KAVIYOOR K. K. KOCHU KUNJU: പിന്നോക്കസമുദായക്കാരിൽ നിന്നു സർവകലാശാല ബിരുദധാരികളായി ആരുമില്ലെന്നാണോ മെംബർ പറയുന്നത് ?

MR. P. C. ADICHAN: പിന്നോക്ക സമുദായക്കാർ എന്നു പറയുന്നവർ ഇവിടത്തെ മറ്റു പ്രബലസമുദായക്കാരായ നായന്മാർ, ഈഴവർ തുടങ്ങിയ സമുദായക്കാരെപ്പോലെ ജനസംഖ്യയുള്ളവരാകുന്നു. അവർ ഏകദേശം ൻ ലക്ഷത്തോളം വരും. എന്നാൽ മറ്റു സമുദായങ്ങളിലുള്ള ബിരുദധാരികളുടെ എണ്ണംവച്ചു താരതമ്യപ്പെടുത്തിനോക്കുമ്പോൾ പിന്നോക്കസമുദായക്കാരുടെ നില എത്രമാത്രം ദയനീയമാണെന്നു മെംബർക്കു തന്നെ മനസ്സിലാക്കാൻ കഴിയും. ഏതായാലും പിന്നോക്കസമുദായക്കാരിൽ ബിരുദധാരികൾ ഉണ്ടായാലും ഇല്ലെങ്കിലും ഇവരുടെ രക്ഷാകർതൃത്വം കൂടി വഹിച്ചിരിക്കുന്ന പ്രൊവൈസ് ചാൻസലർക്ക് ഈ പരാതി വരുത്താതെ സൂക്ഷിക്കേണ്ട കടമയുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹമാത്രം മനസ്സുവയ്ക്കുന്നപക്ഷം പിന്നോക്കസമുദായക്കാർക്കു ഓരോ ഡിപ്പാർട്ടുമെൻറിലും ഉണ്ടാകുന്ന ഒഴിവുകളിൽ പ്രവേശനം ലഭിക്കുന്നതാണ്.

MR. KAVIYOOR K. K. KOCHU KUNJU: പ്രൊവൈസ് ചാൻസലരുടെ ഭരണത്തെ വിമർശിക്കുന്നതിനായിട്ടല്ലാ ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതെന്നു മെംബർക്കറിയാമോ ?

MR. P. C. ADICHAN: അദ്ദേഹത്തിന്റെ ഭരണത്തെ ഞാൻ വിമർശിച്ചില്ല. അദ്ദേഹം പിന്നോക്കസമുദായ സംരക്ഷകൻകൂടിയാണ്. അവ

LIBRARY ARCHIVES Kerala Legislative Assembly

രുടെ അവശതകളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും അദ്ദേഹം ഗവ ണ്മെൻറിനെ അപ്പോഴപ്പോൾ അറിയിച്ചു ഒഴിവുകൾ ഉണ്ടാകുമ്പോൾ നിയമനങ്ങൾ നടത്തി പിന്നോക്കസമുദായക്കാർക്ക് രക്ഷനൽകുന്നതിനു അദ്ദേഹത്തിനു ക്ലൃതൽ സൗകര്യമുണ്ട്. ഈകാര്യത്തിൽ പ്രൊവൈസ് ചാൻസലർ വേണ്ടതു ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

MR. THARIATHU KUNJITHOMMEN (*Muvattupuzha cum Devicolam*) : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. യൂണിവേഴ്സിറ്റി, ബജ്ജിക്ക് സർവീസ് കമ്മീഷണരുടെ പരിശോധനയിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കയാണല്ലോ. എന്നാൽ എഫിഷ്യൻസിക്കു ഹാനിക്കു ടാതെ പിന്നോക്ക സമുദായക്കാരെക്കൂടി നിയമിക്കുന്നതിനു വിരോധമില്ല. ഇങ്ങനെയെല്ലാമിരുന്നാലും, നിയമനങ്ങൾ നടന്നിട്ടുള്ളതു് നോക്കുമ്പോൾ പ്രാതിനിധ്യക്കൂടുതലുള്ള സമുദായങ്ങളിൽ നിന്നാണ് ക്ലൃതൽ നിയമനങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണാൻ കഴിയും. ഇതൊക്കെ കാണുമ്പോൾ ചില സമുദായങ്ങളെ മാത്രം നിയമിക്കത്തക്കവിധത്തിലുള്ള എഫിഷ്യൻസിയാണോ യൂണിവേഴ്സിറ്റിക്കു വേണ്ടതെന്നു ചോദിക്കുവാൻ തോന്നിപ്പോകും. അങ്ങനെയാണെങ്കിൽ ഈ എഫിഷ്യൻസി രാജ്യത്തിനാവശ്യമുള്ള എഫിഷ്യൻസിയല്ല. യൂണിവേഴ്സിറ്റിയിൽ നിയമിച്ചിട്ടുള്ള ക്ലാർക്കുമാരുടേയും അറൻഡറന്മാരുടേയും പ്യൂൺസിന്റേയും മറും ഒരു പട്ടിക ഇവിടെ കൊടുത്തിട്ടുണ്ട്. അതുകൊണ്ടു നിയമനങ്ങൾ നടത്തിയിരിക്കുന്നു. അതിൽ സിറിയൻ കത്തോലിക്കരായി രണ്ടുപേർ മാത്രമേ ഉള്ളൂ.

PRESIDENT : Does the honourable member refer to the appointments in the University ?

MR. THARIATHU KUNJITHOMMEN: അതേ. ക ണ ക്കു്, ക വ്വു്, നമ്പർ ചോദ്യങ്ങളുടെ ഉത്തരത്തിൽ അതു കൊടുത്തിട്ടുണ്ട്. അതുകൊണ്ടു പേരെ നിയമിച്ചിട്ടുള്ളതിൽ രണ്ടു കൃസ്ത്യാനികളാണുള്ളതു്. അവരിൽ രണ്ടുപേർ മാത്രമാണു സിറിയൻകത്തോലിക്കർ.

MR. C. V. CHANDRASEKHARAN : May I point out to the honourable member that the list which he is referring to deals with all the institutions that have been transfered to the University. The appointments related therein were made by the respective college authorities before the transfer of the various colleges to this University.

MR. THARIATHU KUNJITHOMMEN : തമിഴിൽ പറയണം.

MR. C. V. CHANDRASEKHARAN : அந்த நியமனங்களெல்லாம் University வருவதற்கு முன்னால் college authorities களால் செய்யப்பட்டவை. அந்த விஷயத்தில் எங்களுக்கு ஒரு responsibility-யும் இல்லை.

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMEN : ഗവൺമെൻറു നിർദ്ദാക്ഷിണ്യമായി എന്തെല്ലാം ആർഡറുകൾ പുറപ്പെടുവിച്ചാലും പ്രയോഗത്തിൽ എല്ലാ സമുദായക്കാർക്കും ന്യായമായി ലഭിക്കേണ്ട പ്രാതിനിധ്യം നിയമനക്കാര്യത്തിൽ ലഭിക്കുന്നില്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

MR. M. R. NARAYANA PILLAI: മറ്റുള്ള ഡിപ്പാർട്ടുമെൻറുകളിൽ ഇരിക്കുന്നവരെ യൂണിവേഴ്സിറ്റിയിലേക്ക് മാറുന്നതു് ആശാസ്യമാണെന്നാണോ മെംബറിൻെറ അഭിപ്രായം ?

MR. THARIATHU KUNJITHOMMEN : ഞാൻ അങ്ങനെ പറഞ്ഞില്ല. അങ്ങനെ മാറുന്നതിന് ആളുകളില്ലെന്ന് എനിക്കറിയാം. ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ നിയമനങ്ങൾ നടത്തുമ്പോൾ എല്ലാ സമുദായക്കാർക്കും പ്രാതിനിധ്യം കിട്ടത്തക്കവണ്ണം ചെയ്യണമെന്നാണ് ഞാൻ പറയുന്നതു്. യൂണിവേഴ്സിറ്റിയിൽ നിയമനം നടത്തുമ്പോഴും അതു ചെയ്യണം. എൻെറ സമുദായം പബ്ലിക്ക് സർവ്വീസിനെ സംബന്ധിച്ചിടത്തോളം ഒരു പിന്നോക്കസമുദായമാണ്. ഇവിടെ പലതരത്തിൽ പിന്നോക്ക സമുദായക്കാർ ഉണ്ട്. അവക്കെല്ലാം ഓരോ തരത്തിൽ അവശതകളുമുണ്ട്. ഓരോ അവശതകളേയും പരിഹരിച്ചുകൊടുക്കുവാൻ ഗവൺമെൻറു് തയാറാകണം. ഭൂമിയില്ലാത്തതിൽ അവശതയനുഭവിക്കുന്നവർ, വിദ്യാഭ്യാസമില്ലാത്തവർ, അതുപോലെ പബ്ലിക്ക് സർവീസിൽ പ്രാതിനിധ്യമില്ലാത്തവർ ഇവരെല്ലാം ഓരോ തരത്തിൽ പിന്നോക്കസമുദായക്കാരാണ്. ഇവർക്കെല്ലാം ഏതു കാര്യത്തിലാണോ അവശതയുള്ളതു് ആ വിഷയങ്ങളിൽ പരിഗണന നൽകണം. എൻെറ സമുദായത്തിൻെറ കാര്യം പറയുകയാണെങ്കിൽ ജനസംഖ്യ അനുസരിച്ച് ന്യായമായി കിട്ടേണ്ട പ്രാതിനിധ്യത്തിൻെറ എട്ടിൽ ഒരുഭാഗം പ്രാതിനിധ്യം യൂണിവേഴ്സിറ്റിയിൽനിന്നും നടത്തിയ നിയമനങ്ങളിൽ കിട്ടിയിട്ടില്ല.

MR. C. V. CHANDRASEKHARAN : மாட்சிமை தங்கிய மெம்பருக்கு நான் சொல்வது அர்த்தமாகவில்லை.

MR. THARIATHU KUNJITHOMMEN : மனசிலாக்கித் தான் சொன்னேன். புதிய நியமனங்கள் ஏதாவது நடக்கும்போது, பிராதிநித்தியம் குறைந்த சமுதாயத்தைக் கூட கவனித்து நியமனம் நடத்திஞல் எங்களுடைய இந்த சங்கடத்தைத் தீர்க்கலாம்.

അങ്ങിനെയാണെങ്കിൽ മറെറാരു പട്ടിക എടുക്കാം. ചോദ്യം ചെയ്തതും നടപടിയും നോക്കിയാൽ അതു കാണാം. അതിൽ നൂറിൽ ശിഷ്ടം നിയമനങ്ങൾ നടത്തിയിരിക്കുന്നു. സിറിയൻ കത്തോലിക്കർക്ക് അവിടേയും പ്രാതിനിധ്യമില്ല. പുതിയ നിയമനങ്ങൾ നടത്തുമ്പോഴും സമുദായപ്രാതിനിധ്യം അനുവദിക്കുകയില്ലാ എന്നു പറഞ്ഞാൽ പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്കുള്ള രക്ഷ എന്താണ് ? പബ്ലിക്കുസർവീസ് കമ്മീഷണരുടെ ആഫീസിൽ ചെന്നാൽ അവിടെ ധൂമകേതുവിന്റെ വാൽപോലെ നീണ്ട ഒരു പട്ടിക വച്ചിരിപ്പുണ്ട്. അതു കടന്നു വരണമെങ്കിൽ നാം കുറെ പിടിക്കും. പിന്നെ എങ്ങിനെയാണു പ്രാതിനിധ്യം ശരിപ്പെടുത്തുന്നത് ? എപ്പോഴാണു കിട്ടുന്നത് ? എഫിഷ്യൻസി നിശ്ചയമായും പാലിക്കണം. അതു ഞങ്ങൾക്കും വലിയ താൽപര്യമുള്ള ഒരു കാര്യമാണ്. പക്ഷെ, അതിന്റെ പേരിൽ ചില സമുദായങ്ങളെ ബഹിഷ്ക്കരിക്കുന്നതായി കാണുന്നു. അതുകൊണ്ടു ഞാൻ ഇതെല്ലാം പറഞ്ഞു പോയതാണ്.

MR. K. P. KOCHUKORA THARAKAN (*Kunnatnad cum Parur*) : എഫിഷ്യൻസി ഏതെങ്കിലും ഒരു സമുദായത്തിന്റെ കുത്തകയാണോ?

MR. THARIATHU KUNJITHOMMEN : അല്ലെന്നാണു ഞാനും പറയുന്നത്. പ്രായോഗികമായി നോക്കുമ്പോൾ എല്ലാ സമുദായങ്ങൾക്കും പ്രാതിനിധ്യം വേണം. വിവിധ സമുദായങ്ങളിൽനിന്നും വിവിധ രീതികളിൽ നിയമനങ്ങൾ നടത്തണം. ആ വിധത്തിൽ പ്രാതിനിധ്യം ശരിപ്പെടുത്താൻ കഴിയുന്നതാണ്.

MR. M. R. NARAYANA PILLAI: എഫിഷ്യൻസി സമുദായപ്രാതിനിധ്യത്തിനു അപ്പുറത്തുള്ള ഒന്നല്ലേ?

MR. THARIATHU KUNJITHOMMEN : സമുദായത്തിലില്ലാത്ത ഒരു എഫിഷ്യൻസിയും നമുക്കു ആവശ്യമില്ല. ഒരു സമുദായവും എഫിഷ്യൻസിക്കു എതിരുമല്ല.

MR. T. T. KESAVAN SASTRI: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിൽ, വേണ്ട അവശസമുദായപ്രാതിനിധ്യമാണല്ലോ ആലോചനക്കെടുത്തിരിക്കുന്നത്. അവശസമുദായങ്ങൾ എന്നു പറയുന്നതു പുലയർ, പറയർ, കുറവർ, വേടർ ആദിയായ അനേകം ചെറിയ സമുദായങ്ങളെ സംഘടിപ്പിച്ചുകൊണ്ടാണ്. ഇവരാണു ഗവണ്മെൻറിന്റെ സംരക്ഷണത്തിൽ പ്രത്യേകം ഉൾക്കൊള്ളുന്നതു്, അവശസമുദായക്കാർക്കു് മറ്റു സമുദായങ്ങളെ അപേക്ഷിച്ചു ഒരു സംരക്ഷണവ്യവസ്ഥയുണ്ടായിട്ടുള്ളതു് ഇവരുടെ അതിദയനീയങ്ങളായ ജീവിതഗതികൾകൊണ്ടാണ്. ഇവരുടെ അവശതകൾ പരിഹരിക്കുന്ന വിഷയത്തിൽ ഗവണ്മെൻറു കൈക്കൊണ്ടിട്ടുള്ള താൽപര്യത്തെ എത്രത്തോളം അഭിനന്ദിച്ചാലും അധികമാകുന്നതല്ല. സർ, യൂനിവേഴ്സിറ്റി തിരുവിതാംകൂറിലെ പ്രശസ്ത സ്ഥാപനങ്ങളുടെ മുന്നണിയിൽ നിൽക്കുന്നു. തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ ലോകപ്രസിദ്ധ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri.]

മായ് പേരിലും പെരുമയിലും അധികൃതന്മാർ എത്രയൊ അഭിനന്ദനാർഹരാ ിത്തീർന്നിരിക്കുന്നു. ഈ സ്ഥാപനത്തിന്റെ പ്രാരംഭത്തിൽ ആശങ്കകൾ പ്രകാശിപ്പിച്ചിരുന്നവരെല്ലാം ഇപ്പോൾ ആശ്ചര്യപ്പെടാതിരിക്കുന്നില്ല. യൂണിവേഴ്സിറ്റിയിലെ വിവിധ കലകളുടെ വർദ്ധമാനമായ ഭാവി, തിരുവിതാംകൂറിന്റെ കീർത്തിയെ എത്രത്തോളം ഉയർത്തുമെന്നു ഏതാണ്ടു ഊഹിക്കാവുന്നതാണല്ലോ. ഈ ഗണനീയസ്ഥാപനത്തിലും അവശസമുദായക്കാക്കു ലഭിക്കുന്ന പ്രാതിനിധ്യം നിശ്ചയമായി ഇവരെ പൊതുവേ പ്രബുദ്ധരാക്കിത്തീർക്കുന്നതാണ്. അങ്ങിനെയിരിക്കെ ഈ വഴിക്കുണ്ടാകുന്ന പ്രാതിനിധ്യക്കുറവു അത്രത്തോളം അവരെ ആശാഭഗ്നരാക്കിയും തീർക്കുമെന്നുള്ളതിനു പക്ഷാന്തരമില്ല. നമ്മുടെ യൂണിവേഴ്സിറ്റിയിലെ നിയമനങ്ങളുടെ കാസ്റ്റുവാർ സ്റ്റേറ്റുമെൻറു കണ്ടു. ഇതിൽ അവശസമുദായങ്ങളിൽപെട്ട പുലയരിൽനിന്നും, രണ്ടു പ്യൂൺമാരേയും, പറയരിൽനിന്നും ഒരു പ്യൂണിനേയും തണ്ടാന്മാരിൽനിന്നും ഒരു പ്യൂണിനേയും വേലന്മാരിൽനിന്നും പരവന്മാരിൽനിന്നും ഓരോ ക്ലാർക്കന്മാരേയും കൂടി നിയമിച്ചിട്ടുള്ളതായി കാണുന്നു. യൂണിവേഴ്സിറ്റിയിലെ നിയമനാധികാരിയായ പ്രൊവൈസ് ചാൻസലർ അവശസമുദായ സംരക്ഷണവകുപ്പിന്റെ അദ്ധ്യക്ഷൻകൂടി ആകയാൽ അദ്ദേഹം ഇവരുടെ നേരെ പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ളതായി കാണാം. അദ്ദേഹത്തെ ബഹുമാനപൂർവ്വം അഭിനന്ദിക്കുവാൻകൂടി ഈ അവസരം ഉപയോഗിക്കുകയാണ്. നിയമന സംഗതിയിൽ പ്രൊവൈസ് ചാൻസലർ മറു സമുദായങ്ങളുടെ കൂട്ടത്തിൽ അവശസമുദായവിഭാഗക്കാരേയും അനുസ്മരിച്ചു് നിയമിച്ചു് പ്രോത്സാഹിപ്പിച്ചതിൽ ഞാൻ അധികം സന്തോഷിക്കുന്നുമുണ്ട്. സർ, ഈ അവസരത്തിൽഅവശസമുദായക്കാരെ സംബന്ധിക്കുന്ന പബ്ളിക്കുസർവീസ് പ്രാതിനിധ്യത്തേയും മറും ഗവണ്മെൻറിന്റെ അവഗാഢമായ ചിന്തനത്തിനു ഒരു പ്രത്യേകം വിഷയമാക്കണമെന്നു് അപേക്ഷിക്കാൻകൂടി ഞാൻപ്രേരിതനായിരിക്കുന്നു. അവശസമുദായം അവശസമുദായകാര്യം, അധഃസ്ഥിതർ എന്നിങ്ങനെ സഭാപതി പറയാനും അവശതകളെപ്പറ്റി പ്രതിപാദിക്കാനും ഇടയാക്കുന്നതിൽ അത്യൽപമായ കുണ്ഠിതമാണുള്ളതു്. ഇവിടെ എപ്പോഴും ഇതുതന്നെ പറയുന്നവക്കും അതു കേൾക്കുന്നവക്കും വൃഥയശല്യവും അസുഖവും ഉണ്ടാകാതിരിക്കയില്ലല്ലൊ അതിനാൽ ഈ രീതിക്കു നിശ്ചയമായും ഒരു പ്രത്യേകത ഇവരെ സംബന്ധിച്ചിടത്തോളം ഉണ്ടാക്കിയെ നിവർത്തിയുള്ളൂ. അവശസമുദായക്കാരുടെ വശം

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലായ്മ, അഥവാ അതിദയനീയമായ ശോച്യാവസ്ഥ, ഇതു പരിഹരിച്ചല്ലാതെ രക്ഷയില്ല. വ്യക്തികളുടെ ഉയർച്ച ക്രമേണ സമുദായത്തെ ഉദ്ധരിക്കാൻ പര്യാപ്തമായിത്തീരുമെന്നു വിചാരിച്ചാൽമതി. ചെറിയ ചെറിയ ഉദ്യോഗങ്ങളും പ്രാതിനിധ്യങ്ങളും ഇവരുടെ പ്രബുദ്ധതയ്ക്കും അവകാശത്തിനും പ്രേരകമായിത്തീരുന്നതാണെന്നുള്ള വസ്തുത ഗവണ്മെൻറു സദയം അറിഞ്ഞു സഹായിച്ചാൽമതി. ബഹുമാനപ്പെട്ട വൈസ് ചാൻസലർ അവർകളും പ്രൊവൈസ് ചാൻസലർ അവർകളും മറ്റു അധികാരികളും യഥാർത്ഥത്തിൽ അവശ വർഗ്ഗക്കാരുടെ ഉദ്ധാരണത്തിൽ ശ്രദ്ധാലുക്കളാണെന്നുള്ളതു പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. അവശസമുദായ സംരക്ഷണത്തിൽ ഗവണ്മെൻറു ഓരോ വർഗ്ഗക്കാരുടേയും ജനസംഖ്യ സാക്ഷരതാ, നിർധനത്വം ആദിയായ സംഗതികൾ ആരാഞ്ഞു സംരക്ഷണകൃത്യം നിർവഹിക്കേണ്ടതായിട്ടുണ്ട്. സർ, അവശവർഗ്ഗക്കാരുടെ മുന്നണിയിൽ ജനസംഖ്യകൊണ്ടു കാണുന്ന പുലയർ അഥവാ ചേരമർക്ക് അവർ അർഹിക്കുന്ന പ്രോത്സാഹനങ്ങൾ ലഭിക്കുന്നില്ല. അതു വളരെ കഷ്ടമാണെന്നതന്നെ ഞാൻ പറയുന്നു. പുലയർ ജനസംഖ്യയിൽ നമ്പർ ഒന്നു,ഫർ ഉണ്ട്. എണ്ണപ്പെട്ട സമുദായങ്ങളിൽ ഒന്നാണിതു്. ഗവണ്മെൻറും അവശസമുദായ സംരക്ഷണവകുപ്പും ഇവരുടെമേൽ നൽകാവുന്ന ന്യായമായ അവകാശമെങ്കിലും നൽകേണ്ടതാണ്. യൂണിവേഴ്സിറ്റിയിൽ വിവിധകലാവകുപ്പുകളും സെനറ്റും പോലെ പ്രത്യേക സമിതികളുമുണ്ടല്ലോ. ഈ സമുദായത്തിൽ നിന്നും സർവകലാശാലയിലെ ഏതെങ്കിലും ഒരു വകുപ്പിൽ യോഗ്യതാനുസരണം ഒരാളെയെങ്കിലും നിയമിച്ചു പ്രോത്സാഹിപ്പിക്കേണ്ടതാണ്. എന്നാൽ ഈ സമുദായത്തിൽ നിന്നോ എട്ടു ലക്ഷത്തിനുമേൽ വരുന്ന അവശസമുദായ വിഭാഗത്തിൽനിന്നുമോ ആരേയും നിയമിച്ചിട്ടില്ലെന്നുള്ളതാണു പരമാർത്ഥം. ഗവണ്മെൻറു ആനുകൂല്യങ്ങളാൽ ഉയരേണ്ടവരെ നാനാവഴി ഉയർത്തേണ്ട ചുമതല ഗവണ്മെൻറു അറിഞ്ഞു പ്രവർത്തിക്കുവാൻ പ്രത്യേകം അപേക്ഷിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

MR. P. S. MUHAMED : തിരുവിതാംകൂറിലെ യൂണിവേഴ്സിറ്റി ഉന്നതമായ ആദർശത്തോടുകൂടിത്തന്നെ നടത്തണമെന്നുള്ള സംഗതിയിൽ എനിക്കു അഭിപ്രായവ്യത്യാസമില്ല. ഈ സ്ഥാപനം തിരുവിതാംകൂറിലെ ജനങ്ങൾക്കു ഒരു അനുഗ്രഹമായി തീർന്നിട്ടുള്ള ഒന്നാണ്. അതുകൊണ്ട് യൂണിവേഴ്സിറ്റി സംബന്ധമായ ഉദ്യോഗവിതരണവിഷയം വാദപ്രതിവാദത്തിനു വിധേയമാക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. അവിടെ കായ്ക്ഷമത എത്രമാത്രം വർദ്ധിപ്പിക്കാമോ അത്രമാത്രം വർദ്ധി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed.]

പ്പിക്കുന്നത് വളരെ നല്ലതുതന്നെയാണ്. എന്നാൽ കായ്ക്ഷമതക്കു ഭംഗം വരാതിരിക്കത്തക്കനിലയിൽ മറ്റു സമുദായക്കാരെക്കൂടി അതിൽ എത്രമാത്രം ഭാഗമാക്കാക്കുവാൻ സാധിക്കുമോ അത്രത്തോളം ശ്രദ്ധിച്ച് പ്രവത്തിക്കണമെന്ന മാത്രമെ പറയുന്നുള്ളൂ. ഉയന്ന തോതിലും ഉയന്ന സ്ഥിതിയിലുമുള്ള ഒരാളെ നിയമിക്കേണ്ടിവരുമ്പോൾ അതിലേക്കു കായ്ക്ഷമതയും കൂടുതൽ പരീക്ഷായോഗ്യതയും ഉള്ളവർ മറ്റു സമുദായങ്ങളിൽ ഉള്ളതുകൊണ്ടു അവരെ മാത്രമെ നിയമിക്കാവൂ എന്നും, പ്രാതിനിധ്യം കുറഞ്ഞ സമുദായത്തിലുള്ളവർക്കു കൂടുതൽ പരീക്ഷായോഗ്യതകൾ ഇല്ലെന്ന വിചാരിച്ച് അവരെ നിയമിക്കാൻ പാടില്ലെന്നും വിചാരിക്കാൻ പാടുള്ളതല്ല. അങ്ങിനെയാണെങ്കിൽ സരസ്വതിയുടെ ഉത്ഭവസ്ഥാനമായ യൂനിവേഴ്സിറ്റിയിൽ മറ്റുള്ളവക്കു പ്രവേശിക്കാൻ ഒരിക്കലും സൗകര്യം ലഭിക്കയില്ല. അവിടെയുള്ള നിയമനകാര്യത്തെപ്പറ്റി ഈ ഹൗസിന് കായ്യമായ വാദപ്രതിവാദം ചെയ്യാൻ സാധിക്കുകയില്ലാ എന്ന വരികിലും, ഈ സംഗതി ഓർത്തു പ്രവർത്തിച്ചാൽ മതിയാകുന്നതാണ്. കഴിയുന്നത്ര എല്ലാ സമുദായക്കാരെയും തൃപ്തിപ്പെടുത്തത്തക്കവിധത്തിൽ പ്രവത്തിക്കേണ്ടതാണ്. എന്നാൽ മറ്റു ഡിപ്പാർട്ടുമെൻറുകളെപ്പോലെ ഇതിലും തല എണ്ണി ഉദ്യോഗങ്ങൾ കൊടുക്കണമെന്ന പറയുന്നില്ല. ഏതെല്ലാം വിധത്തിൽ അസമത്വം അനുഭവിക്കുന്ന സമുദായങ്ങളെ തൃപ്തിപ്പെടുത്താൻ സാധിക്കുമോ, ആ വിധത്തിലെല്ലാം അവരെ തൃപ്തിപ്പെടുത്തണമെന്ന പ്രോ-വൈസ്-ചാൻസ്ലർ അവർകളോട് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. മഹാരാജാവു തിരുമനസ്സിലെ പ്രോക്ലമേഷൻ അനുസരിച്ച് സാധിച്ചിട്ടുള്ളതാണ് ഈ യൂണിവേഴ്സിറ്റി എന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. അതു രാജ്യത്തിനു ഒരു വലിയ അനുഗ്രഹമാണെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു അതു ദിനം പ്രതി വർദ്ധിച്ചുവരണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. യൂണിവേഴ്സിറ്റി കായ്യങ്ങൾ വലിയ ആദർശത്തെ മുൻനിറുത്തി പ്രവത്തിക്കുന്നതുകൊണ്ടു അതിൽ മനസ്ഥാപത്തിനവകാശമില്ല. പക്ഷെ, തൽസംബന്ധമായി ചെയ്യുന്ന പ്രവത്തികളിൽ, മറ്റുള്ളവക്കു തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ, കൂടുതൽ ശ്രദ്ധിച്ചു പ്രവത്തിക്കുകയും യൂണിവേഴ്സിറ്റി സംബന്ധമായ കായ്യങ്ങളെക്കുറിച്ച് ഈ ഹൗസിൽ വിമർശനം നടത്തുന്നതിനുള്ള സൗകര്യം കഴിയുന്നത്ര ഉണ്ടാക്കികൊടുക്കാതിരിക്കുകയും ചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. C. V. CHANDRASEKHARAN: Sir, I shall first answer my esteemed friend Mr. Kunjithommen because his voice is still ringing in my ears. (Laughter). He referred to the neglect of the Syrian Catholics by the University. I may point out that some of the biggest appointments in the University have been made from among the Syrian Catholics. I may mention the names of Dr. C. C. John, Professor of Marine Biology, Mr. Joseph Vithayathil, Lecturer, Law College.....

MR. THARIATHU KUNJITHOMMEN: വലിയ ഉദ്യോഗങ്ങൾ കിട്ടിയതു കൊണ്ട് ക്ലാർക്ക് ഉദ്യോഗം കൊടുക്കാൻ പാടില്ല എന്നാണോ?

MR. C. V. CHANDRASEKHARAN: I am coming to that.

Dr. T. T. Thomas, the State Meteorologist and Mr. Joseph recently appointed as Lecturer in the Science College. So the University is not neglecting certain communities nor is it showing any special consideration to certain so-called favoured communities. We are bound by our statutes and ordinances regarding appointments and we select the best from among the candidates available.

Coming to clerical and other appointments, in an answer to an interpellation.....

MR. T. C. KESAVA PILLAI: May I know whether there is any community known as the "favoured community"?

MR. C. V. CHANDRASEKHARAN: "Favoured" according to Mr. Kunjithommen and not according to me.

From a statement by caste of appointments of backward communities in the University office during the last two years it will be seen that about 5 appointments were made from among the Kammalas, 6 from the Ezhavas, 4 from the Latin Catholics, 7 from the Hindu Nadars, 2 from the S. I U. C., 2 from Pulayas, 1 from Velars, 1 from Paravars, 1 from Parayas, and 1 from Thandars. Looking at this list, it will be seen that wherever possible and wherever the minimum qualification is satisfied, in the matter of appointments, those communities are given preference. In this connection I am very much obliged to both Mr. Kesavan Sastri and Mr. Adichan, representatives of the backward communities, who have testified to the fact that the University is by no means indifferent to the interests of the backward communities in the State. As it stands, I happen to be the Controlling Officer of the Department for backward communities and I can assure the representatives of the backward communities in this House that their interests are perfectly safe in my hands.

It was very gratifying to hear the honourable member Mr. P. S. Muhamed speaking on this motion. If that is the attitude of the House, I would wholeheartedly reciprocate. But Mr. Kunju Panicker, who is a Graduate-in law and who is expected to know better, said that the University is a creature of the Government and that all appointments there should be made on communal basis. That is not a reasonable attitude towards the University. It is an institution which is yours and mine. It is an infant institution. We ought not to go about saying that everything in the University should be governed by communal considerations. If the syndicate is to be

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. V. Chandrasekharan]

constituted on a communal basis, if the Senate is to be constituted on a communal basis, if admission is to be made on a communal basis and if appointments are to be made on communal basis, we shall come perilously near the stage when the House may pass a resolution that the Intermediate and the B. A results should be prepared by the University on a communal basis.

MR. P. SIVARAMA PILLAI: My I know whether this principle is adopted anywhere else?

MR. C V. CHANDRASEKHARAN: No, Sir.

